# ഫത്‌വ

## മൊബൈൽ കാമറയുടെ ദുരുപയോഗം

▶ മൊബൈൽ ഫോണിലെ കാമറയുപയോഗിച്ച് യുവതികളുടെ ചിത്രങ്ങളെടുക്കുകയും ബ്ലൂടൂത്ത്, ഇമെയിൽ മുഖേന അത് പ്രചരിപ്പിക്കുകയും ചെയ്യുന്നത് ഇക്കാലത്ത് സാധാരണമാണ്. പലരും അധാർമികമായ ലക്ഷ്യങ്ങൾക്കു വേണ്ടി ഇത്തരം ചിത്രങ്ങളുപയോഗപ്പെടുത്തുകയും ചെയ്യുന്നു. എന്താണിതിന്റെ ഇസ്‌ലാമികവിധി?

ഉത്തരം നൽകുന്നത്: ഡോ. ഹുസാമുദ്ദീനുബ്നു മൂസാ അഫാന (ഫിഖ്ഹ്- നിദാനശാസ്ത്ര പ്രഫസർ, അൽഖുദ്സ് യൂനിവേഴ്സിറ്റി)

ആധുനിക മാധ്യമങ്ങളായ വീഡിയോ, ടെലിവിഷൻ, കാമറ ഇവ ഉപയോഗിച്ചുള്ള ചിത്രീകരണം അനുവദനീയമാണ് എന്നതാണ് പ്രബലമായ പണ്ഡിതാഭിപ്രായം. നിഷിദ്ധമായ കാര്യങ്ങൾ ചിത്രീകരിക്കരുത് എന്ന നിബന്ധന കർശനമായി പാലിക്കണമെന്ന് മാത്രം. അതിനാൽ മൊബൈൽ കാമറ ഉപയോഗിച്ച് സ്ത്രീകളുടെ ചിത്രങ്ങളെടുക്കുന്നതും അത് ഏതെങ്കിലും മാധ്യമം മുഖേന പ്രചരിപ്പിക്കുന്നതും ഹറാമാണ്. ശരീഅത്ത് വിലക്കിയ പല കുഴപ്പങ്ങളും അതുമൂലം സംഭവിക്കും എന്നതാണ് കാരണം.

1. ഗോപ്യ സ്ഥാനങ്ങൾ കാണാനിടവരിക

അത് ശറഅ് നിരോധിക്കുന്ന കാര്യമാണ്. നബി(സ) പറഞ്ഞു: "നിന്റെ അനുവാദമില്ലാതെ വീട്ടിലേക്ക് എത്തിനോക്കിയവനെ ചരൽ കല്ല് കൊണ്ട് എറിഞ്ഞ് അവന്റെ കണ്ണ് പൊട്ടിപ്പോയാലും നിനക്ക് കുറ്റമില്ല" (ബുഖാരി).

2. ജനങ്ങളെ ഉപദ്രവിക്കൽ

അല്ലാഹു പറയുന്നു: "തങ്ങളുടെ പാപ കർമങ്ങളുടെ പേരിലല്ലാതെ വിശ്വാസികളെയും വിശ്വാസിനികളെയും ഉപദ്രവിക്കുന്നവർ അപവാദവും വ്യക്തമായ കുറ്റവും പേറിയിരിക്കുകയാണ്" (*അൽഅഅ്റാഫ്* 58). യുവതികളുടെ ചിത്രങ്ങളെടുത്ത് പ്രചരിപ്പിക്കുന്നത് തീർച്ചയായും അവരോടുള്ള അക്രമവും ഉപദ്രവവും തന്നെയാണ്. ഇബ്നു ഉമർ(റ) പറയുന്നു: "നബി(സ) മിമ്പറിലേക്ക് കയറി ഉറക്കെ പറഞ്ഞു. നാവ് കൊണ്ട് വിശ്വസിക്കുകയും വിശ്വാസം ഹൃദയങ്ങളിലേക്ക് കടക്കാതിരിക്കുകയും ചെയ്ത സമൂഹമേ......... നിങ്ങൾ മുസ്‌ലിംകളെ ഉപദ്രവിക്കരുത്. അവരുടെ രഹസ്യങ്ങൾ അന്വേഷിച്ച് നടക്കുകയുമരുത്. ആരെങ്കിലും തന്റെ മുസ്‌ലിം സഹോദരന്റെ രഹസ്യമന്വേഷിച്ചു പുറപ്പെട്ടാൽ അല്ലാഹു അവന്റെ രഹസ്യവും അന്വേഷിക്കുന്നതാണ്. അല്ലാഹു ആരുടെയെങ്കിലും രഹസ്യം പിന്തുടരുകയാണെങ്കിൽ, അവൻ തന്റെ വീട്ടിലുള്ളിലാണെങ്കിലും അല്ലാഹു അവനെ നിന്ദിക്കുന്നതാണ്." (തിർമിദി).

3. അശ്ലീല പ്രചാരണം

യുവതികളുടെ, വിശേഷിച്ചും നഗ്നത പ്രദർശിപ്പിക്കുന്ന സ്ത്രീകളുടെ ചിത്രങ്ങൾ പ്രചരിപ്പിക്കുന്നത് സമൂഹത്തിൽ അശ്ലീല സംസ്കാരം വളർത്താനാണ്. അത് നിഷിദ്ധമാണെന്നത് സംശയരഹിതമായ കാര്യമാണ്. അല്ലാഹു പറയുന്നു: ''വിശ്വാസികൾക്കിടയിൽ അശ്ലീലം പ്രചരിക്കുന്നതിനെ ഇഷ്ടപ്പെടുന്നവർക്ക് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുണ്ട്. അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല'' (*അന്നൂർ* 19).

4. കുടുംബ പ്രശ്നങ്ങൾ

യുവതികളുടെ വിശേഷിച്ചും വിവാഹിതകളുടെ ചിത്രങ്ങളെടുത്ത് പ്രചരിപ്പിക്കുന്നത് പല കുടുംബ പ്രശ്നങ്ങൾക്കും ഇടവരുത്തും. ഒരു പക്ഷേ അത് വിവാഹമോചനത്തിലേക്കും സന്താനങ്ങൾ വഴിയാധാരമാകുന്നതിലേക്കും നയിച്ചേക്കാം.

ചുരുക്കത്തിൽ, പല കുഴപ്പങ്ങൾക്കും ഇടയാകുമെന്നതിനാൽ യുവതികളുടെ ചിത്രങ്ങളെടുക്കുന്നതും ആധുനിക മാധ്യമങ്ങൾ വഴി അത് പ്രചരിപ്പിക്കുന്നതും നിഷിദ്ധമാണ്. ആധുനിക മാധ്യമങ്ങൾ ഉപയോഗിക്കുമ്പോഴും അല്ലാഹുവിനെ സൂക്ഷിക്കുകയും ശരീഅത്തിന്റെ പരിധികൾ പാലിക്കുകയും ചെയ്യേണ്ടതാണ്. തെറ്റായ ലക്ഷ്യങ്ങൾക്ക് വേണ്ടി അവ ഉപയോഗിക്കാതിരിക്കുകയും ശരിയായ ലക്ഷ്യങ്ങൾക്ക് വേണ്ടി മാത്രം ഉപയോഗിക്കുകയും ചെയ്യുക.

## അനന്തരാവകാശം ഉപേക്ഷിക്കാമെന്ന വ്യവസ്ഥയിൽ വിവാഹം

▶ ഞാൻ ഒരു വിധവയെ വിവാഹം കഴിക്കാനാഗ്രഹിക്കുന്നു. എന്നാൽ തങ്ങളിരുവരും പരസ്പരം അനന്തര സ്വത്തിലുള്ള അവകാശം ഉപേക്ഷിച്ചുകൊള്ളാമെന്ന് വിവാഹത്തിനു മുമ്പ് കരാറിലെത്തണം എന്നവൾ ആവശ്യപ്പെടുന്നു. എന്റെയും അവളുടെയും മക്കളുടെ ഭാവിയെ കരുതിയാണ് ഈ നടപടി. ഇസ്‌ലാമികമായി ഇത് ശരിയാണോ?

ഉത്തരം നൽകുന്നത് ഡോ. മുഹമ്മദ് സഅ്ദീ

ശരിയായ വിവാഹ ഉടമ്പടിയിലൂടെ താഴെ പറയുന്ന കാര്യങ്ങളുണ്ടായിത്തീരുന്നതാണ്: മക്കളെ മാതാപിതാക്കളിലേക്ക്

ചേർത്ത് അറിയപ്പെടുക, വിവാഹ ഉടമ്പടിയോടെ തന്നെ നിശ്ചയിച്ചതിന്റെ പകുതി വിവാഹമൂല്യത്തിന് ഭാര്യ അവകാശിയാവുക, അവർ ലൈംഗിക ബന്ധത്തിലേർപ്പെട്ടാൽ ഭാര്യക്ക് പൂർണമായും മഹ്ർ ലഭിക്കാൻ അവകാശമുണ്ടാവുക, ഭാര്യക്ക് ചെലവിന് കൊടുക്കാൻ ഭർത്താവ് ബാധ്യസ്ഥനാവുക, ദമ്പതിമാരിലൊരാൾ മരണപ്പെട്ടാൽ മറ്റെയാൾക്ക് പരേതന്റെ/ പരേതയുടെ അനന്തരസ്വത്തിൽ അവകാശം ലഭിക്കുക... അങ്ങനെ പല അവകാശങ്ങളും ബാധ്യതകളും ഉണ്ടായിത്തീരുന്നു വിവാഹത്തിലൂടെ. സ്വത്ത് കൈയൊഴിയണം എന്ന നിബന്ധന ഒരു നിലക്കും സാധുവാകുകയില്ല. കാരണം, അനന്തരാവകാശം എന്നത് അതിന്റെ അവകാശികളിൽ അനിവാര്യമായും വന്നുചേരുന്ന ഒന്നാണ്. ഇങ്ങനെയൊരു നിബന്ധന തന്നെ അർഥശൂന്യമാണ് താനും. കാരണം, വിവാഹ ഉടമ്പടി നടന്നതിനു ശേഷം മാത്രം ബാധകമാവുന്ന ഒരു അവകാശത്തെ ഉടമ്പടി നടക്കുന്നതിന് മുമ്പുതന്നെ നിലനിർത്തുന്നതോ തള്ളിപ്പറയുന്നതോ നിബന്ധനയായി വെക്കുകയാണ് ഇവിടെ. ഇത്തരം സന്ദർഭങ്ങളിൽ ഉടമ്പടി നിലനിൽക്കുകയും നിബന്ധന വിഫലമാവുകയും ചെയ്യും എന്നാണ് പണ്ഡിതന്മാരുടെ ഏകോപിച്ച അഭിപ്രായം.

ശൈഖ് ബകരീ അസ്സ്വദഫി പറയുന്നു: "അനന്തര സ്വത്ത് പങ്ക് വെക്കില്ല എന്ന നിബന്ധനയിൽ വിവാഹിതരായാലും അത് പരിഗണിക്കപ്പെടില്ല. ദമ്പതികളിലൊരാൾ മരണപ്പെടുമ്പോൾ മറ്റേയാൾക്ക് സ്വത്തിൽ അവകാശമുണ്ടാവും."

(ഇസ്‌ലാം ഓൺലൈൻ നെറ്റ്)